(സി) 2000-മാണ്ടിൽ സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം എത്ര ദശലക്ഷം യൂണിറ്റാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) വൈദ്യുതി ട്രാൻസ്മിഷൻ മേഖലയിൽ മറ്റ് ഏജൻസികളെ പങ്കാളികളാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലഭ്യമാക്കാൻ കഴിയുന്നതും വിൽക്കുന്നതുമായ വൈദ്യുതിയുടെ കണക്ക് 1997-98 സാമ്പത്തിക വർഷത്തിലേക്കുമാത്രമേ പൂർത്തിയായിട്ടുള്ളൂ. ഈ കണക്കുപ്രകാരം 1997-98 സാമ്പത്തിക വർഷം ലഭ്യമാക്കാൻ കഴിഞ്ഞ വൈദ്യുതി കേന്ദ്ര വിഹിതമുൾപ്പെടെ 9394.67 മി. യൂണിറ്റും വിൽക്കാൻ കഴിഞ്ഞത് 7716 മി.യൂണിറ്റും ആയിരുന്നു.

(ബി) പ്രസരണ നഷ്ടം 1678.90 മി. യൂണിറ്റ് (17.87%) ആയാണ് കണക്കാക്കിയിട്ടുള്ളത്. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവാണ്. ഇത്രയും വൈദ്യുതിക്ക് അന്നത്തെ വിൽപ്പന നിരക്കനുസരിച്ച് 207.92 കോടി രൂപ വിലവരും.

(സി) കണക്കാക്കിയിട്ടുണ്ട്. 2000-ാമാണ്ട് മാർച്ച് മാസത്തോടുകൂടി 6172 മി.യൂണിറ്റ് വൈദ്യുതി ജലവൈദ്യുത പദ്ധതികളിൽ നിന്നും 3988 മി.യൂണിറ്റു വൈദ്യുതി താപനിലയങ്ങളിൽ നിന്നും ആകെ 10,160 മില്യൺ യൂണിറ്റ് വൈദ്യുതി പ്രസ്തുത വർഷം ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. (കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള കണക്കാണിത്).

(ഡി) ഉദ്ദേശമില്ല.

144 (1688) വൈദ്യുതി ഉൽപ്പാദനം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എത്ര ദശലക്ഷം യൂണിറ്റാണ്; കേന്ദ്രപൂളിൽ നിന്നും വാങ്ങുന്നത് എത്ര ദശലക്ഷം യൂണിറ്റാണ്; മറ്റ് ഏതെങ്കിലും ഉൽപ്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ്; അവ എത്ര യൂണിറ്റ് വീതമാണ്; വ്യക്തമാക്കുമോ;

(സി) ഒരു യൂണിറ്റ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും വാങ്ങുന്നതിന് നൽകുന്ന വില എത്രയാണ്; മറ്റ് ഉൽപ്പാദകരിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ യൂണിറ്റിന്റെ വില എത്രയാണ്; വിശദമാക്കുമോ;

(ഡി) ഗാർഹിക ഉപയോഗത്തിന് നൽകുന്ന വൈദ്യുതിക്ക് ഒരു യൂണിറ്റിന് എന്ത് ചാർജാണ് ഈടാക്കുന്നത്; വാണിജ്യ വ്യവസായ ആവശ്യത്തിന് നൽകുന്ന വൈദ്യുതിയുടെ ചാർജ്ജ് എത്രയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) 1998-99-ൽ 7599.9609 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. കേന്ദ്ര പൂളിൽ നിന്നും 3115.34 മില്യൺ യൂണിറ്റ് വൈദ്യുതി ലഭിച്ചു. 11/98 മുതൽ എൻ.റ്റി.പി.സി യുടെ കായംകുളം യൂണിറ്റിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. 11/98 മുതൽ 3/99 വരെ 241.9473 മില്യൺ യൂണിറ്റ് വൈദ്യുതി കായംകുളം എൻ.ടി.പി.സി യിൽ നിന്നും വാങ്ങിയിട്ടുണ്ട്.

(സി) ഒരു യൂണിറ്റ് വൈദ്യുതി കേന്ദ്രപൂളിൽ നിന്നും വാങ്ങിയതിന് 1999 മേയ് മാസത്തിൽ നൽകിയ വില താഴെ കൊടുക്കുന്നു.

രാമഗുണ്ടം	-	103 പൈസ
നെയ്വേലി സ്റ്റേജ് 1	-	103.62 പൈസ
നെയ്വേലി സ്റ്റേജ് 2	-	154.21 പൈസ
കൽപ്പാക്കം	-	182.17 പൈസ
പശ്ചിമമേഖല	-	150.44 പൈസ

കായംകുളം എൻ.റ്റി.പി.സിയിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് താൽക്കാലികമായി യൂണിറ്റൊന്നിന് 275 പൈസയാണ് നൽകുന്നത്. ഇതിനു പുറമേ യൂണിറ്റിന് 13 പൈസ നിരക്കിൽ പ്രസരണ ഇനത്തിൽ ചെലവായിട്ടുണ്ട്.

(ഡി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

145 (1689) വൈദ്യുതി ബോർഡിന്റെ വിറ്റുവരവ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാമാണ്ടിൽ വൈദ്യുതി ബോർഡ് വിറ്റുവരവ് ഇനത്തിൽ എത്ര കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്;

(ബി) ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കാൻ എത്ര കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്;

(സി) 1999-2000-ാമാണ്ടിൽ വൈദ്യുതി ബോർഡിന്റെ നഷ്ടം എത്ര കോടി രൂപ ആയിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സംസ്ഥാന വൈദ്യുതി ബോർഡിന് എന്തു ചെലവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദീകരിക്കുമോ?

ഉത്തരം

(എ) 1999-2000-ാമാണ്ടിലെ വൈദ്യുത ബോർഡിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വൈദ്യുതിയുടെ വിറ്റുവരവ് ഇനത്തിൽ 1648.48 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. താരിഫ് വർദ്ധനവുകൊണ്ട് ഏകദേശം 462 കോടി രൂപയുടെ അധികവരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly